**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4712** **29-10-2021 - ൽ മറുപടിയ്ക്ക്**

**ഉൾനാടൻ മത്സ്യ കൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മുൻസർക്കാർ എത്ര കോടി രൂപയുടെ മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മുൻ സർക്കാർ 68,29,27,948/- രൂപയുടെ മത്സ്യകുഞ്ഞുങ്ങളെ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | വിതരണം ചെയ്ത മത്സ്യക്കുഞ്ഞുങ്ങളെ കർഷകർ ലാഭകരമായി കൃഷി ചെയ്ത് വിജയിപ്പിച്ചതായി പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (ബി) | പരിശോധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വിതരണം ചെയ്ത മത്സ്യകുഞ്ഞുങ്ങളെ മത്സ്യകർഷർ ലാഭകരമായി കൃഷി ചെയ്ത് വിജയിപ്പിച്ചിട്ടുണ്ട്. ഉൾനാടൻ മത്സ്യകൃഷി വഴിയുള്ള മത്സ്യോൽപാദനവും പൊതുജലായങ്ങളിൽ നിന്നുള്ള മത്സ്യോൽപാദനവും സംബന്ധിച്ച വിവരശേഖരണത്തിനായി ഇൻലാന്റ് എന്യൂമറേറ്റർമാരെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ ഫിഷറീസ് വകുപ്പിന്റെ ജനകീയ മത്സ്യകൃഷി പദ്ധതിയിലൂടെ ഫീൽഡ്തല ജീവനക്കാരായ അക്വാകൾച്ചർ പ്രൊമോട്ടർമാർ, പ്രോജക്ട് കോ-ഓർഡിനേറ്റർമാർ എന്നിവരും ഫീൽഡ്തലത്തിൽ പരിശോധന നടത്തുന്നുണ്ട്. |
| (സി) | മത്സ്യക്കുഞ്ഞുങ്ങളെ ചെറുകിട കർഷകർക്ക് വിതരണം ചെയ്ത ശേഷം അവയുടെ വളർച്ചയെ സംബന്ധിച്ച് വകുപ്പിൽ നിന്ന് കർഷകരുടെ വീടുകളിലെത്തി പരിശോധന നടത്തി നിർദ്ദേശങ്ങൾ നൽകാറുണ്ടോ; വിശദമാക്കാമോ? | (സി) | മത്സ്യകുഞ്ഞുങ്ങളെ ചെറുകിട മത്സ്യകർഷകർക്ക് വിതരണം ചെയ്ത ശേഷം ഫിഷറീസ് വകുപ്പിലെ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരും ഫീൽഡ്തല ജീവനക്കാരും കൃഷിയിടം സന്ദർശിക്കുകയും മത്സ്യങ്ങളുടെ വളർച്ചയെ സംബന്ധിച്ചും കൃഷി ലാഭകരമാക്കുന്നതിനും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്. മത്സ്യകർഷകർക്ക് നൽകിയിട്ടുള്ള ഫാർമേഴ്സ് കാർഡിൽ ഇത്തരം സന്ദർശനങ്ങൾ സംബന്ധിച്ച് രേഖപ്പെടുത്തലുകൾ വരുത്തുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ